# നല്ല ബിദ്അത്തുകളെക്കുറിച്ച്

**കെ.ടിയുടെ** അനുഭവക്കുറിപ്പിൽ ബിദ്അത്തുകളെക്കുറിച്ച നിരീക്ഷണം സൂക്ഷ്മമല്ല. ആരാധനകളിൽ നല്ല ബിദ്അത്ത് എന്ന ഒന്നുണ്ടോ? ഉമർ(റ) നിലച്ചുപോയ ഒരു സുന്നത്തിനെ പുനരുജ്ജീവിപ്പിച്ചതാണ്. സാങ്കേതികമായി നല്ല ബിദ്അത്ത് എന്ന് പറഞ്ഞുവെന്നേയുള്ളൂ. അല്ലാതെ അദ്ദേഹം പുതിയ ബിദ്അത്ത് സൃഷ്ടിച്ചതല്ല. ചരിത്രപരമായി പരിശോധിച്ചാൽ ഇസ്‌ലാമൊഴികെയുള്ള എല്ലാ മതങ്ങളും ഇവിടെ രൂപപ്പെട്ടതുതന്നെ നല്ല ബിദ്അത്തുകൾ സൃഷ്ടിക്കുകയും അനുഷ്ഠിക്കുകയും ചെയ്തത് മൂലമാണ്. കെ.ടി പറഞ്ഞ ഇസ്‌ലാമിന്റെ വികാസം, അത് ആചാരനിബദ്ധമല്ല. ആചാരാനുഷ്ഠാനങ്ങളിൽ ഇസ്‌ലാമിന് വികസിക്കേണ്ടതുണ്ടോ?

ലോകത്തിന്റെ നാനാ ഭാഗങ്ങളിൽനിന്ന് ഹജ്ജിനായി മക്കയിൽ ഒത്തുകൂടുന്ന വിശ്വാസികൾ അവരവരുടെ 'വൈവിധ്യമാർന്ന നല്ല ബിദ്അത്തുകൾ' അനുഷ്ഠിക്കുന്നതിനെക്കുറിച്ച് ഒന്ന് ആലോചിച്ചു നോക്കൂ. എത്ര വികലമായിരിക്കും അത്. ഈ കുറിപ്പുകാരന്റെ നാട്ടിലെ പള്ളികളിൽ, കൂട്ടു പ്രാർഥനക്കു ശേഷം ചില പള്ളികളിൽ പത്ത് സ്വലാത്ത്, ചിലേടത്ത് പത്ത് ദിക്റ്. പത്തു വർഷങ്ങൾക്ക് ശേഷമാണ് ഇതൊക്കെ ഉണ്ടായത്. ഇതിനെക്കുറിച്ച് എന്താണ് പറയാനുള്ളത്? ശാഖാപരമായ വിഷയങ്ങളിൽ പരസ്പരം കാഫിറാക്കുന്ന സംഘടനകളുടെ നിലപാട് ശരിയല്ല. പക്ഷേ അതിനെ നേരിടേണ്ടത് ബിദ്അത്തുകൾ സ്വയം അനുഷ്ഠിച്ചുകൊണ്ടാണോ? വലിയ ബിദ്അത്തുകൾ ശ്രദ്ധിക്കപ്പെടാതെ പോകുന്നതിനെക്കുറിച്ച കെ.ടിയുടെ നിരീക്ഷണം ശരിയാണ്.

അഭിമുഖം, പഴയകാല പ്രവർത്തകരുടെ ത്യാഗമനഃസ്ഥിതി മനസ്സിലാക്കാൻ ഉതകുന്നതാണ്.

**ലുഖ്മാൻ മന്ദലാംകുന്ന്**
lukmanmku@yahoo.com

# രാഷ്ട്രീയ യജമാനന്മാർക്ക് ശക്തമായ താക്കീത്

**നവംബർ** 25ന് എറണാകുളത്തെ മറൈൻ ഡ്രൈവിൽ ജനസാഗരത്തെ സാക്ഷിനിർത്തി, ഇസ്‌ലാമിക പ്രസ്ഥാനം പുതിയ രാഷ്ട്രീയ പാർട്ടി രൂപീകരിക്കാൻ പോകുന്നുവെന്ന ധീരമായ പ്രഖ്യാപനം അണികളെയും അനുഭാവികളെയും പ്രവർത്തകരെയും ഒട്ടൊന്നുമല്ല ആവേശം കൊള്ളിച്ചത്. ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ അമീറിന്റെ തുറന്ന പ്രഖ്യാപനം, മതത്തെ കുത്തകയാക്കിവെച്ചിരിക്കുന്ന യാഥാസ്ഥിതികർക്കും വോട്ടുബാങ്ക് രാഷ്ട്രീയം കളിക്കുന്ന ഇടത്-വലത് പക്ഷങ്ങൾക്കുമുള്ള ശക്തമായ താക്കീതാണ്. ഇനി എതിർപ്പുകളുടെയും വിമർശനങ്ങളുടെയും ഒരു മലവെള്ളപ്പാച്ചിൽ തന്നെ പ്രതീക്ഷിക്കാം. അത്തരം പ്രതികരണങ്ങൾക്ക് സുതാര്യമായി മറുപടി നൽകാനും, പ്രസ്ഥാനത്തെ ആഴത്തിൽ അറിയാത്ത സാധാരണ പ്രവർത്തകരിൽ ഉണ്ടാകുന്ന ആശങ്കയും തെറ്റിദ്ധാരണകളും അകറ്റി അവരെ കാര്യങ്ങൾ ബോധ്യപ്പെടുത്താനും പ്രസ്ഥാന നേതൃത്വം ശ്രദ്ധിക്കേണ്ടതുണ്ട്.

ഇസ്‌ലാമിക സമൂഹം പുതിയ വെല്ലുവിളികൾ നേരിടുന്ന സന്ദർഭത്തിൽ തന്നെയാണ് അമീറിന്റെ പുതിയ പ്രഖ്യാപനം. ആശങ്കയുടെയും ഭീതിയുടെയും അന്തരീക്ഷത്തിൽ ജീവിതം തള്ളിനീക്കേണ്ടിവരുന്ന ദലിതുകൾക്കും മറ്റു പിന്നാക്ക വിഭാഗങ്ങൾക്കും ന്യൂനപക്ഷങ്ങൾക്കും അധഃസ്ഥിതരായ നാനാജാതി മതസ്ഥർക്കും അണിചേരാവുന്ന രാഷ്ട്രീയ പാർട്ടിയുടെ രൂപവത്കരണം കാലഘട്ടത്തിന്റെ ആവശ്യമാണ്. അത് ഒരു വിശാല രാഷ്ട്രീയ മുന്നണിയായാൽ പോലും കുഴപ്പമില്ല. നിലവിലെ മുന്നണി രാഷ്ട്രീയ സംവിധാനങ്ങളിൽ അസംതൃപ്തരായി കഴിയുന്ന വലിയൊരു വിഭാഗത്തിന് പ്രതീക്ഷയുടെ തുരുത്തായി ത്തീരും അതെന്ന് പ്രതീക്ഷിക്കാം.

**ടി.എ ജുനൈദ് പയ്യോളി**




# ഗാന്ധിജിയെ ഓർമിപ്പിച്ച് കൃഷ്ണയ്യർ

**"ഇതൊരു** മുസ്‌ലിം സമ്മേളനമല്ല; ഇന്ത്യക്കാരുടെ മഹത്തായ സമ്മേളനമാണ്. ഞാനും കോടിക്കണക്കിന് ഭാരതീയരും നിങ്ങൾക്കൊപ്പമുണ്ട്"- ജമാഅത്തെ ഇസ്‌ലാമി ദേശീയ യാത്രയുടെ എറണാകുളം മറൈൻ ഡ്രൈവ് സമാപന സമ്മേളനത്തിൽ തടിച്ചുകൂടിയ പതിനായിരങ്ങളെ സാക്ഷിനിർത്തി ജസ്റ്റിസ് കൃഷ്ണയ്യർ ഇങ്ങനെ പറഞ്ഞപ്പോൾ, വർഷങ്ങൾക്ക് മുമ്പ് ജമാഅത്തെ ഇസ്‌ലാമിയുടെ പാറ്റ്ന സമ്മേളനത്തിൽ പങ്കെടുത്ത രാഷ്ട്രപിതാവ് ഗാന്ധിജിയുടെ വാക്കുകളാണ് സ്മൃതിപഥത്തിൽ തെളിഞ്ഞുവന്നത്. "അത് സാധുക്കളുടെ സമ്മേളനമായിരുന്നു. ഭിക്ഷ യാചിക്കുന്ന സാധുക്കളുടെ സമ്മേളനമല്ല; നന്മ പ്രചരിപ്പിക്കുകയും മനുഷ്യരെ സേവിക്കുകയും ഉച്ചനീചത്വം തുടച്ചുനീക്കുകയും, നിങ്ങൾ ദൈവദാസരാണെങ്കിൽ ദൈവത്തിന്റെ കൽപനകൾ അനുസരിക്കൂ എന്ന് ജനങ്ങളോട് പറയുകയും ചെയ്യുന്ന സാധുക്കളുടെ സമ്മേളനം" (*സർച് ലൈറ്റ്*, പാറ്റ്ന, 1946 ഏപ്രിൽ 27). ഇടതുപക്ഷ സഹയാത്രികനാണെങ്കിലും പക്ഷം നോക്കാതെ നീതിയുടെ പക്ഷത്ത് നിലയുറപ്പിക്കുന്ന ജസ്റ്റിസ് കൃഷ്ണയ്യർ, ഇസ്‌ലാമിക പ്രസ്ഥാനവുമായുള്ള ദീർഘകാല ബന്ധത്തിന്റെ അടിസ്ഥാനത്തിൽ, 'കോടിക്കണക്കിന് ഭാരതീയർക്കൊപ്പം ഞാനും നിങ്ങളോടൊപ്പമുണ്ട്' എന്ന് വിളിച്ചുപറയുമ്പോൾ, ജമാഅത്തെ ഇസ്‌ലാമിയുടെ മേൽ നാഴികക്ക് നാൽപതുവട്ടം വർഗീയമുദ്ര കുത്തി രസിക്കുന്നവർ ഇതൊന്നും കേൾക്കുന്നില്ലേ?

**റഹ്മാൻ മധുരക്കുഴി**

# ബഹുഭാര്യാത്വം തെറ്റിദ്ധരിക്കപ്പെടുമ്പോൾ

**വിവാഹമോചനവും** ബഹുഭാര്യാത്വവും (ലക്കം 25) എന്ന മുഖക്കുറിപ്പാണ് ഈ കുറിപ്പിന് പ്രേരകം. ഇസ്‌ലാം ഒരു മഹാസാഗരമാണെങ്കിൽ അതിലെ ഒരു തുള്ളി മാത്രമാണ് ബഹുഭാര്യാത്വം. ഇസ്‌ലാമെന്നാൽ ബഹുഭാര്യാത്വമാണെന്ന രീതിയിലാണ് ചില ബുദ്ധിജീവികളുടെ നിരന്തര ജൽപനങ്ങൾ. പെണ്ണുകെട്ടി നടക്കാൻ പുരുഷന് സ്വാതന്ത്ര്യമുണ്ടെന്നു ധ്വനിപ്പിക്കുന്ന രീതിയിൽ ബഹുഭാര്യാത്വത്തെപ്പറ്റി നെടുങ്കൻ പ്രസ്താവനകളിറക്കുന്ന ചില പണ്ഡിത-പുരോഹിതന്മാരുടെ നിലപാടും അപഹാസ്യമാണ്. ബഹുഭാര്യാത്വത്തിന്റെ മാഹാത്മ്യത്തെപ്പറ്റി പാടിപ്പുകഴ്ത്തുകയല്ല ഇസ്‌ലാം ചെയ്തിട്ടുള്ളത്. അനിവാര്യമായ ഘട്ടത്തിലെ ഒരു അനുവാദം മാത്രമാണത്. മഹത്തായ ഇസ്‌ലാമിക സിദ്ധാന്തങ്ങളുടെ വിശാലമായ പൂന്തോട്ടത്തിൽ ഒരു കൊച്ചു പൂവായി, സപത്നിക്ക് ആശ്വാസമായി, വ്യഭിചാരത്തിലേക്ക് വഴുതിപ്പോകുന്നതിൽനിന്ന് രക്ഷയായി, വ്യത്തികെട്ട വെപ്പാട്ടി സമ്പ്രദായത്തിൽനിന്ന് മോചനമായി ബഹുഭാര്യാത്വത്തെ സ്വീകരിക്കുന്ന അവസ്ഥ വരുമ്പോൾ മാത്രമേ ഇസ്‌ലാമിലെ ബഹുഭാര്യാത്വം എന്ന നിയന്ത്രിതമായ നിയമത്തോട് നീതി ചെയ്യാനാവൂ. പെണ്ണുകെട്ടുന്നതും തോന്നുമ്പോൾ മൊഴി ചൊല്ലുന്നതും പുരുഷന്റെ അവകാശമാണെന്ന് തെറ്റിദ്ധരിച്ച ഒരു സമൂഹത്തിൽ ബഹുഭാര്യാത്വം നീചമായ സ്ത്രീ പീഡനമായിത്തീരുന്നു. ഇത്തരമൊരു സാഹചര്യത്തിൽ മുഖക്കുറിപ്പിൽ പറഞ്ഞതുപോലെ, നിയമത്തിന്റെ നീചമായ ദുരുപയോഗം തടഞ്ഞേ പറ്റൂ. ഇസ്‌ലാമെന്നാൽ നാലു കെട്ടലാണെന്ന ധാരണ പരത്തുന്ന കശ്മലന്മാരെ നിലക്കുനിർത്താൻ പണ്ഡിതന്മാർ കരുത്തു കാണിക്കണം. അല്ലെങ്കിൽ ഈ കശ്മലന്മാർ പണ്ഡിതന്മാരെ ഏത്തമിടീക്കുന്ന അവസ്ഥ വരും.

**കെ.പി ഇസ്മാഈൽ കണ്ണൂർ**

## പിശകുകൾ ചൂണ്ടിക്കാണിച്ചതിന് നന്ദി

**എന്റെ** ഉംറ യാത്രാനുഭവത്തെക്കുറിച്ച് കത്തുകൾ കണ്ടു. പിശകുകൾ ചൂണ്ടിക്കാണിച്ച എല്ലാ വായനക്കാർക്കും നന്ദി.

ജിദ്ദയിൽവെച്ച് ഇഹ്റാമിൽ പ്രവേശിച്ചതിന്റെ കർമശാസ്ത്രത്തെക്കുറിച്ച് ഒരു കത്തിൽ പരാമർശിച്ചു കണ്ടു. അതിന് ഒരു വിശദീകരണം ആവശ്യമാണെന്ന് തോന്നുന്നു. ഞങ്ങൾ ദോഹയിൽനിന്ന് നേരെ പോയത് ജിദ്ദയിലെ ബന്ധുവീട്ടിലേക്കാണ്. അവിടെവെച്ചാണ് ഉംറക്ക് നിയ്യത്ത് ചെയ്തതും ഇഹ്റാമിൽ പ്രവേശിച്ചതും. സാങ്കേതികാർഥത്തിൽ ഞങ്ങളുടെ തീർഥാടനം ആരംഭിക്കുന്നത് ദോഹയിൽനിന്നല്ല, ജിദ്ദയിൽനിന്നാണ്. ഇതൊന്നും പരത്തിപ്പറയേണ്ട ആവശ്യമില്ലെന്ന് തോന്നിയതിനാലും ലേഖനത്തിലെ ചില വിശദാംശങ്ങൾ പത്രാധിപരുടെ എഡിറ്റിംഗിൽ നഷ്ടമായതിനാലുമാണ് തെറ്റിദ്ധാരണ ഉളവായത്. ഓർമകളും ധാരണകളും കൂടുതൽ പരിശോധന കൂടാതെ പകർത്തിയതുതന്നെയാണ് പിശകുകൾ വരാൻ മുഖ്യ കാരണം.

**ടി.കെ.എം ഇഖ്ബാൽ**
tkmiqbal@yahoo.com

## എവിടെ എഴുതി എന്ന് വ്യക്തമാക്കണം

“.....മുസ്‌ലിം ലീഗുകാർ ജിന്നയെ ഖായിദെ അസം (സമുന്നതനായ നേതാവ്) എന്ന് വിളിച്ചപ്പോൾ മൗദൂദി അദ്ദേഹത്തെ പരിഹസിച്ചത് “കാഫിറെ അസം (സമുന്നതനായ അവിശ്വാസി) എന്ന് വിശേഷിപ്പിച്ചുകൊണ്ടായിരുന്നു.....” ഹമീദ് ചേന്ദമംഗല്ലൂർ, 39-ാം ലക്കം *മാതൃഭൂമി* വാരികയിൽ തട്ടിവിട്ടതാണീ ശുദ്ധവ്യാജം. മൺമറഞ്ഞവരെ പറ്റി പറയുമ്പോൾ പാലിക്കേണ്ട കേവല മാന്യത പോലും പാലിക്കാതെ പച്ചക്കള്ളം പറഞ്ഞു പരത്തുന്നവരുടെ ദുഷ്ടലാക്ക് സമുദായം തിരിച്ചറിയേണ്ടതാണ്. മൗദൂദി എപ്പോൾ, എവിടെവെച്ച് ഇങ്ങനെ പറഞ്ഞുവെന്ന് വസ്തുനിഷ്ഠമായി തെളിവുസഹിതം വിശദീകരിക്കാൻ മാന്യലേഖകൻ തയാറാവേണ്ടതുണ്ട്. ജമാഅത്തെ ഇസ്‌ലാമിയെയും മുസ്‌ലിം ലീഗിനെയും തമ്മിലടിപ്പിക്കാനുള്ള ഹീനമായ കുതന്ത്രം മുസ്‌ലിം സമുദായവും തിരിച്ചറിയണം.

അമാന്യ ഭാഷ ഉപയോഗിക്കാത്ത തികഞ്ഞ പ്രതിപക്ഷ ബഹുമാനം പുലർത്തുന്ന വ്യക്തിയായിരുന്നു മൗലാനാ മൗദൂദിയെന്ന് അദ്ദേഹത്തിന്റെ രചനകളും പ്രഭാഷണങ്ങളും നിരീക്ഷിച്ചാൽ മനസ്സിലാവും.

**പി.പി അബ്ദുർറഹ്മാൻ പെരിങ്ങാടി**

## ചുരുക്കെഴുത്ത്

***പ്രബോധനം*** വാരികയിൽ കഴിഞ്ഞ ഏതാനും ലക്കങ്ങളിലായി നടന്നുവരുന്ന ചർച്ച ശ്രദ്ധിച്ചു. ആമിനാ വദൂദ് എഴുതി ഓക്സ്ഫോർഡ് യൂനിവേഴ്സിറ്റി പ്രസിദ്ധീകരിച്ച Quran & woman എന്ന പുസ്തകത്തിന്റെ വിവർത്തനമാണ് ‘ഖുർആൻ ഒരു പെൺവായന’ എന്ന പേരിൽ ‘അദർ ബുക്സ്’ ഈയിടെ പുറത്തിറക്കിയത്. അദർബുക്സ് ഒരു പ്രസിദ്ധീകരണാലയമാണ്. ഓരോ ചിന്തകനോ/യോടും യോജിച്ചുകൊണ്ടോ വിയോജിച്ചുകൊണ്ടോ അല്ല പുസ്തകങ്ങൾ ഞങ്ങൾ തെരഞ്ഞെടുക്കുന്നത്. ഒരു മുസ്‌ലിം സംഘടനകയുടെയും ഔദ്യോഗിക/അനൗദ്യോഗിക നീട്ടം അല്ലാത്തതിനാൽ അത്തരം പരിഗണനകളും ഞങ്ങൾക്കില്ല. പൊതുമണ്ഡലത്തിൽ ചർച്ചയാവേണ്ടതും ധൈഷണിക ജീവിതത്തെ കൂടുതൽ പ്രബുദ്ധമാക്കാനുതകുന്നതുമായ പുസ്തകങ്ങളാണെന്ന് എഡിറ്റോറിയൽ ബോർഡിന് തോന്നുന്ന മുസ്‌ലിം/സ്ത്രീ/ദലിത്/ചരിത്രം/ മിസ്റ്റിസിസം/ കറുപ്പ് തുടങ്ങിയ വിഷയങ്ങളിലാണ് അദർബുക്സ് ഊന്നുന്നത്.

**ഡോ. ഔസാഫ് അഹ്സൻ**
**മാനേജിംഗ് എഡിറ്റർ, അദർ ബുക്സ്**

**തഫ്ഹീം** കമ്പ്യൂട്ടർ പതിപ്പിന് പിന്നിൽ പ്രവർത്തിച്ചവരെ അല്ലാഹു അനുഗ്രഹിക്കട്ടെ. ഇങ്ങനെയൊരു സൗകര്യം അനുഭവിക്കാൻ കഴിയുമെന്ന് സ്വപ്നത്തിൽ പോലും വിചാരിച്ചിരുന്നില്ല. വീട്ടിലൊരു പണ്ഡിതന്റെ സാന്നിധ്യമാണ് അനുഭവപ്പെടുന്നത്. ഖുർആനിലെ ഏത് ഭാഗത്തുമെത്താൻ ഏതാനും ക്ലിക്കുകൾ മതി! ആധുനിക സാങ്കേതികവിദ്യയെ എങ്ങനെ നല്ല കാര്യങ്ങൾക്ക് ഉപയോഗിക്കാം എന്നുള്ളതിന് ഉത്തമ ഉദാഹരണമാണിത്.

**മർയം ഫസൽ പെരിങ്ങാടി**